**ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായം**

317 (3288) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ വലിയ വീട്ടിൽ ഹരിപ്രസാദ് കണ്ണാടിപ്പൊയിൽ പി.ഒ. എന്നയാളുടെ മാതാവ് സുലോചനയ്ക്ക് ആശ്വാസകിരണം പദ്ധതിപ്രകാരം നൽകിവന്ന ധനസഹായം ഏത് തീയതി മുതലാണ് നിർത്തിവച്ചത് ;

(ബി) ധനസഹായം നിർത്തിവെക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ ; ധനസഹായം തുടർന്നും ലഭിക്കാൻ അർഹതയുള്ള സാഹചര്യത്തിൽ മുൻകാല പ്രാബല്യത്തോടെ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ ?

**ഉത്തരം**

(എ & ബി) ആശ്വാസകിരണം പദ്ധതി ധനസഹായത്തിന് വേണ്ടിയുള്ള 8-6-2014-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ശ്രീമതി സുലോചനയ്ക്ക് 6-2011 മുതൽ 11-2011 വരെയുള്ള കുടിശ്ശിക ഉൾപ്പെടെ 2400 രൂപയും തുടർന്ന് 8-2013 വരെ 400 രൂപ നിരക്കിലും 9-2013 മുതൽ 4-2014 വരെ 525 രൂപ നിരക്കിലും ധനസഹായം നൽകിയിട്ടുണ്ട്. 5-2014-ന്റെ ധനസഹായം ജൂൺ മാസമാണ് നൽകുന്നത്.

**സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിന് ചെലവായ തുക**

318 (3289) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം പെൻഷനുകൾ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് ഓരോ ക്ഷേമപെൻഷൻ നൽകുന്നതിനും എന്തുതുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ;

(സി) 2014 മേയ്മാസം 31 വരെ ഓരോ സാമൂഹ്യക്ഷേമ പെൻഷനുകളുടേയും ഇനത്തിൽ എത്ര മാസത്തെ എന്തുതുക വീതം കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ ?

**ഉത്തരം**

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യക്ഷേമ പെൻഷനുകളാണ് വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് ഓരോ ക്ഷേമപെൻഷനും ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം 2011-12

| ക്ഷേമപെൻഷന്റെ പേര് | ചെലവായ തുക (ലക്ഷത്തിൽ |
|---|---|
| വികലാംഗ പെൻഷൻ | 11489.20 |
| അഗതി (വിധവ) പെൻഷൻ | 29057.71 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 10737.94 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2333.24 |

വർഷം 2012-13

| ക്ഷേമപെൻഷന്റെ പേര് | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|
| വികലാംഗ പെൻഷൻ | 19726.32 |
| അഗതി (വിധവ) പെൻഷൻ | 54427.50 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 23732.83 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3896.44 |

വർഷം 2013-14

| ക്ഷേമപെൻഷന്റെ പേര് | ചെലവായ തുക(ലക്ഷത്തിൽ) |
|---|---|
| വികലാംഗ പെൻഷൻ | 25577.80 |
| അഗതി (വിധവ) പെൻഷൻ | 66351.26 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 14773.83 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4750.64 |

2014-15 സാമ്പത്തിക വർഷത്തിൽ ഇതുവരെ വിതരണം ചെയ്ത തുക.

LIBRARY ARCHIVES Kerala Legislative Assembly

| ക്ഷേമപെൻഷന്റെ പേര് | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|
| വികലാംഗ പെൻഷൻ | 8972.51 |
| അഗതി (വിധവ) പെൻഷൻ | 24442.29 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 10515.01 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1684.41 |

(സി) സാമൂഹ്യനീതി വകുപ്പിന്റെകീഴിലുള്ള ക്ഷേമപെൻഷനുകളിൽ ദേശീയ വാർദ്ധക്യകാല പെൻഷൻ ഒഴികെ മറ്റ് പെൻഷനുകളിൽ കുടിശ്ശികയില്ല. ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ 6 മാസത്തെ തുകയായ 15483.10 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3094-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

## II അടിയന്തരപ്രമേയം

### ഭരണസ്തംഭനം

മി. സ്പീക്കർ: ഐ.എ.എസു-കാർ ചീഫ് സെക്രട്ടറിക്കെതിരെയും സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ ചേരിതിരിവ് അതിരൂക്ഷമാകുകയും ഭരണസ്തംഭനം സൃഷ്ടിക്കുകയും സ്വന്തം സംഘടനയ്ക്ക് പരാതി നൽകിയതിന്റെ പേരിൽ ഒരു ഐ.എ.എസ്. ആഫീസർക്കെതിരെ അന്വേഷണത്തിന് മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തതിനെ ത്തുടർന്നുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. മാത്യു റ്റി. തോമസ്, കെ. രാധാകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്നത് ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ ചേരിതിരിവ് അതിരൂക്ഷമാകുകയും ഭരണസ്തംഭനം സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. ഒരു ഭരണസ്തംഭനവും സൃഷ്ടിച്ചിട്ടില്ല. അതുപോലെ സ്വന്തം സംഘടനയ്ക്ക് നിവേദനം കൊടുത്തതിന്റെ പേരിൽ അന്വേഷണം വച്ചിരിക്കുന്നു, ചീഫ് സെക്രട്ടറിക്കെതിരെ കൊടുത്തതായിപ്പറയുന്ന ആ പരാതി സംബന്ധിച്ച വാർത്ത പത്രങ്ങളിൽ എങ്ങനെ വന്നു എന്നതിനെക്കുറിച്ച് അന്വേഷിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ.എം. എബ്രഹാമിനെ ചുമതലപ്പെടുത്തിയത് ശരിയാണ്. സ്വാഭാവികമായും അത് Code of



LIBRARY ARCHIVES Kerala Legislative Assembly